ദേശീയതയും പ്രാദേശികതയും –
എൻ. പി. മുഹമ്മദിന്റെ നോവലുകളിൽ

പ്രബന്ധ സംഗ്രഹം

നമ്മുടെ കാലഘട്ടത്തിലെ സാമൂഹിക-രാഷ്ട്രീയ ഘടനയുടെ അതിപ്രധാനഭാഗമായ ദേശീയത വ്യക്തിത്വങ്ങളെത്തന്നെ നിർണ്ണയിക്കുന്ന പ്രധാനപ്പെട്ട ഒരു ശക്തിയാണ്. ഇന്ന് ദേശരാഷ്ട്ര (Nation State) രൂപത്തിൽ സംഘടിതമായ, ഭൂമിശാസ്ത്രപരമായ അതിർത്തിയോടുകൂടിയ, ഒരേ ലക്ഷ്യത്തിൽ ഉദ്ഗ്രഥിതമായ ചിത്തവൃത്തിയുള്ള ജനങ്ങളോടുകൂടിയ, ദേശീയപതാക, ദേശീയഗാനം തുടങ്ങിയ പ്രതീകവത്കരണങ്ങളുള്ള, ഒരേ സാമ്പത്തിക സംവിധാനത്തിന് കീഴിൽ വരുന്ന ദേശ (Nation) വും അതിനെക്കുറിച്ചുള്ള ഭാവനയും വികാരങ്ങളുമൊക്കെ ഉൾച്ചെരുന്ന ദേശീയത (Nationalism)യും ആഗോളതലത്തിലുള്ള തത്തുല്യ സംവിധാനങ്ങളോട് ബന്ധപ്പെടുന്നതുതന്നെ. ഇന്ത്യ എന്ന ദേശവുമായി ബന്ധപ്പെട്ട സങ്കൽപ്പനമായ ദേശീയതയും (Nationalism) കേരളം എന്ന പ്രദേശവുമായി ബന്ധപ്പെട്ട പ്രാദേശികത (Regionalism) അഥവാ ഉപദേശീയതയും (Sub Nationalism) എൻ. പി. മുഹമ്മദിന്റെ നോവലുകളെ എങ്ങനെ സ്വാധീനിക്കുന്നു എന്നും അവയുടെ അംശങ്ങൾ എത്രമാത്രം നോവലിൽ ഉൾച്ചേർന്നിരിക്കുന്നുവെന്നും ഉള്ള അന്വേഷണമാണീ പ്രബന്ധത്തിൽ. ദേശീയതയുടേത് അത്യന്തം പ്രശ്നഭരിതമായ ഒരാശയമണ്ഡലമാണെന്നും നോവൽ എന്ന ഇക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട സാഹിത്യരൂപത്തിൽ അതിന്റെ സ്വാധീനം അത്രതന്നെ സങ്കീർണ്ണമാണെന്നും ഈ ഗവേഷണപ്രബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നു.

ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ തങ്ങളുടെ അധിനിവേശത്തിന് ശേഷമാണ് ദേശത്തെക്കുറിച്ചുള്ള സങ്കൽപ്പം രൂപപ്പെട്ടതെന്നാണ് ദേശീയതയെക്കുറിച്ചുള്ള യൂറോകേന്ദ്രിത സങ്കൽപ്പങ്ങളുടെ പ്രധാന ഊന്നൽ. ഈ വാദത്തെ നിരാകരിക്കുന്ന ഈ ഗവേഷണപ്രബന്ധം ഇന്ത്യ ദേശം രാഷ്ട്രം എന്നിവയെക്കുറിച്ച് എത്രതന്നെ അപൂർണ്ണമായിരുന്നാലും സ്വന്തമായ സങ്കല്പങ്ങൾ വെച്ച് പുലർത്തിയിരുന്നു എന്ന് വ്യക്തമാക്കുന്നു. അർത്ഥശാസ്ത്രം തുടങ്ങിയ രാഷ്ട്രീയ-സാമ്പത്തികശാസ്ത്രരചനകളുടെയും ഇതിഹാസപുരാണാദികളിലെ പരാമർശങ്ങളുടെയും പിൻബലത്തിൽ വ്യക്തമാക്കുന്നു. നമ്മുടെ കഥാപാരമ്പര്യത്തിൽ തന്നെ രാഷ്ട്രതന്ത്രത്തിന് പ്രധാനപങ്കുണ്ടായിരുന്നവെന്ന് പഞ്ചതന്ത്രകഥകൾ തെളിയിക്കുന്നുണ്ട്. ഒന്നാമദ്ധ്യായത്തിൽ ഇന്ത്യയ്ക്ക് സ്വന്തമായി ഒരു സംസ്കാരവും ചരിത്രവും ഉണ്ടായിരുന്നുവെന്നും

ഇന്ത്യയെക്കുറിക്കാനുപയോഗിച്ച ഇറാനിയൻ പദമായ 'ഹിന്ദ്' ഇവിടുത്തെ ജനങ്ങളുടെ ദേശീയ അനന്യത (National Identity)യെ വ്യക്തമാക്കുന്നു എന്നും വാദിക്കുന്നു. ഇന്ത്യക്കാർക്ക് തങ്ങളെക്കുറിച്ചും അന്യരെക്കുറിച്ചും വേർതിരിച്ച് അറിവുണ്ടായിരുന്നെന്ന് സ്ഥാപിക്കാൻ അശോകശാസനങ്ങളെയും. അൽബറൂനി, ഇബിൻ ബത്തൂത്ത, ഹ്യുയെൻസാങ്, ഫാഹിയാൻ, മെഗസ്തനീസ് തുടങ്ങിയ വിദേശസഞ്ചാരികളുടെ വിവരണങ്ങളെയും പ്രബന്ധം ആധാരമാക്കുന്നു. ദേശീയതാസങ്കല്പത്തിൽ ഈ വേർതിരിച്ചറിവ് അതിപ്രധാനമാണ്. ഇന്ത്യയ്ക്ക് പ്രകൃതിദത്തമായ അതിർത്തിയും തനതായ സംസ്കാരങ്ങളും ആചാരമര്യാദകളും ഭാഷകളും മതങ്ങളും പ്രാദേശികമായും ദേശീയമായും ഉണ്ടായിരുന്നു എന്നതും ഇതിന് തെളിവായി ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയ്ക്ക് അതിന്റേതായ ദേശീയ-പ്രാദേശിക ഭാവനകളുണ്ടായിരുന്നുവെന്ന് പൂർവ്വകാലസാഹിത്യം തെളിവ് തരുന്നു.

യൂറോപ്യൻ ദേശീയതാ സങ്കൽപ്പങ്ങൾ പഠനത്തിന് ഉപയോഗിക്കുമ്പോൾ തന്നെ വിമർശാത്മകമായി അതിനെ പരിശോധിച്ചുകൊണ്ടാണ് അത് ചെയ്യുന്നത്. ഉദാഹരണത്തിന് ദേശം ഒരു സാങ്കൽപ്പിക സമൂഹമാണെന്ന് ബനഡ്കിറ്റ് ആന്റേഴ്സൺന്റെ വാദത്തെ ഇർഫാൻ ഹബീബും മൂന്നാം ലോക രാജ്യങ്ങളെന്ന ഫ്രെഡറിക് ജെയിംസന്റെ സങ്കല്പത്തെ ഐജാസ് അഹമ്മദും നേരിട്ടതെങ്ങനെ എന്ന് സൂചിപ്പിക്കുക വഴി ഈ സമീപനത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിരിക്കുന്നു. സാമ്രാജ്യത്വ ചരിത്രകാരന്മാരുടെ വാദങ്ങളും കീഴാളപഠന (Subaltern Studies) ത്തിലെ വാദങ്ങളും തമ്മിലുള്ള അസ്വസ്ഥകരമായ സാമ്യം പരിശോധിക്കുന്ന ബിപൻ ചന്ദ്രയുടെ അഭിപ്രായവും പരിഗണിക്കപ്പെടുന്നു. അതുപോലെ സാമ്രാജ്യത്വ വീക്ഷണങ്ങൾക്ക് മറുപടിയായി സമകാലത്ത് വികസിച്ചുവന്ന കോളനിയനന്തരപഠന (Post-Colonial Studies) ത്തിലെ അഭിപ്രായങ്ങളേയും ഇവിടെ അതേപടി സ്വീകരിക്കുന്നില്ല. ഇന്ത്യയ്ക്ക് ഒരു പാരമ്പര്യമുണ്ടെന്നും ഏകമുഖമായ അത് ഹൈന്ദവ-ബ്രാഹ്മണികമാണെന്നുമുള്ള വാദഗതികളേയും ഈ പ്രബന്ധം തിരസ്ക്കരിക്കുകയാണ്. ചരിത്രപരവും രാഷ്ട്രീയവും സാമ്പത്തികശാസ്ത്രപരവുമായ വീക്ഷണങ്ങളുടെ സഹായമുപയോഗിച്ചുകൊണ്ടുള്ള ഒരു പഠനമാണ് ഇവിടെ നടക്കുന്നത്. അതുകൊണ്ട് സാമാന്യം വിശദമായിത്തന്നെ ബ്രിട്ടീഷ് പൂർവ്വഇന്ത്യ കൊളോണിയൽ വിരുദ്ധദേശീയപ്രസ്ഥാനം, ദേശീയ സ്വാതന്ത്ര്യലബ്ധി തുടങ്ങിയ കാര്യങ്ങളെ സ്ഥലപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് അവതരിപ്പിച്ചിരിക്കുന്നു. ദേശത്തെക്കുറിച്ച് ഇന്ത്യാക്കാർക്ക് ഒരു സങ്കൽപ്പമുണ്ടായിരുന്നെങ്കിലും കൊളോണിയൽ വിരുദ്ധസമരങ്ങളിലൂടെ രൂപപ്പെട്ടുവന്നതാണ് ഇന്ത്യൻ ദേശീയത എന്നതുകൊണ്ട് ജ്ഞാനോദയ (Enlightenment) ത്തിനു ശേഷം രൂപപ്പെടുകയും ലോകത്തെ വിവിധ ജനതകളെ അടിച്ചമർത്തി ചൂഷണം ചെയ്യുന്നത് തങ്ങളുടെ അവകാശമാണെന്ന് ധരിക്കുകയും ചെയ്ത ആഗോളമുതലാളിത്തരാജ്യങ്ങളുടെ ദേശീയതയിൽ നിന്ന് ഗുണപരമായി ഇന്ത്യൻ ദേശീയത വ്യത്യസ്തമാണെന്ന് സ്ഥാപിക്കപ്പെടുന്നു. ഒരു താരതമ്യത്തിനുവേണ്ടിയാണ് യൂറോപ്യൻ ദേശീയതയുടെ കാഘട്ടങ്ങളിലൂടെയുള്ള പരിണാമവും അതിലെ പ്രധാന സങ്കൽപ്പങ്ങളും അവതരിപ്പിച്ചിരിക്കുന്നത്. യൂറോപ്യൻ ദേശീയതയുടെ നാലാം ഘട്ടത്തിൽ ബെനഡ്കിറ്റ് ആന്റേഴ്സൺ, എറിക് ഹോബ്സ്

ബോം, ആന്റണി ഡി. സ്മിത് എന്നിവർ മുന്നോട്ട് വെയ്ക്കുന്ന ദേശീയതയുടെ നിഷേധാത്മക പ്രവണതകൾ ഏറിയകൂറും പാശ്ചാത്യ ആധുനിക ദേശരാഷ്ട്രങ്ങൾക്ക് മാത്രം ബാധകമാണ് എന്ന നിഗമനത്തിലാണ് ഈ പഠനം എത്തിച്ചേരുന്നത്. എങ്കിലും ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യൻ ഉപരിവർഗ്ഗത്തിന് മേധാവിത്വമുണ്ടായിരുന്നുവെന്നും സ്വാതന്ത്ര്യാനന്തര ദേശീയസങ്കല്പങ്ങളിൽ ഈ മേധാവിത്വം അഭിപ്രായ രൂപീകരണശ്രമങ്ങൾ നടത്തിയുരുന്നുവെന്നും അതുകൊണ്ടാണ് മുസ്ലീം, കീഴാള, സ്ത്രീ വിഭാഗങ്ങൾ ദേശീയ മുഖ്യധാരയിൽ നിന്നും അന്യവത്കരിക്കപ്പെട്ടതെന്നും കണ്ടെത്തുന്നുണ്ട്. ഇവിടെ സോപാധികമായി യൂറോ കേന്ദ്രിതദേശീയതാസങ്കല്പത്തിലെ ചില സമാനാശയങ്ങൾ സ്വീകരിച്ചിരിക്കുന്നു.

രണ്ടാമദ്ധ്യായത്തിൽ ദേശീയതയേക്കുറിച്ചും നോവലിനെക്കുറിച്ചുമുള്ള എൻ. പി. മുഹമ്മദിന്റെ സങ്കല്പങ്ങൾ വ്യക്തമാക്കുന്നതിനോടൊപ്പം ആദ്യകാല നോവലിലും നവോത്ഥാനനോവലിലും ദേശീയത എങ്ങനെ ഒരു നിർണ്ണായകസാന്നിദ്ധ്യമായി നിലകൊള്ളുന്നു എന്നന്വേഷിക്കുകയാണ്. സാമൂഹികവും സാംസ്കാരികവുമായ തലങ്ങളിൽ ഇന്ത്യയുടെ ദേശീയത എങ്ങനെ രൂപപ്പെട്ടു എന്നതിന്റേയും ദേശീയപ്രസ്ഥാന കാലഘട്ടത്തിൽ ഒരു ജനതയെന്ന നിലയിൽ ഇന്ത്യക്കാർ എങ്ങനെ സ്വയം നിർവചിച്ചു എന്നതിന്റെയും പശ്ചാത്തലത്തിൽ ഇന്ത്യാ വിഭജനം മനസ്സിലേൽപ്പിച്ച മുറിവാണ് എൻ. പി. മുഹമ്മദിനെ ഒരു ദേശീയവാദിയായ ചിന്തകനാക്കി മാറ്റിയതെന്ന് സ്ഥാപിക്കുന്നു. സ്വാതന്ത്ര്യലബ്ധിയോടെ പാകിസ്ഥാൻ ഒരു മുസ്ലീം രാജ്യമായി മാറിയപ്പോൾ ഒരു മതനിരപേക്ഷരാജ്യമായി നിലകൊണ്ട ഇന്ത്യയുടെ പാഠം എൻ. പി.യെ ജാതി-മത-പ്രാദേശിക വികാരങ്ങൾക്കെതിരെ ഒരു അഖണ്ഡഭാരതത്തിന്റെ വക്താവാക്കി മാറ്റിയെന്ന് കണ്ടെത്തുകയാണ് അദ്ദേഹത്തിന്റെ ദേശീയതാ സങ്കല്പത്തെക്കുറിച്ചുള്ള അന്വേഷണത്തിലൂടെ ചെയ്യുന്നത്. ആ മനസ്സിനേറ്റ രണ്ടാമത്തെ മുറിവായിരുന്നു ബാബറിപള്ളി നശീകരണം.

എൻ. പി. യുടെ നോവൽ സങ്കല്പങ്ങളിൽ യൂറോപ്യൻ ആശയവാദ സൗന്ദര്യശാസ്ത്രത്തിന്റെയും സാഹിത്യസങ്കൽപ്പങ്ങളുടെയും സ്വാധീനമുണ്ടെങ്കിലും അവസാനഘട്ടങ്ങളിൽ പ്രാദേശിക നോവലിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങളിലൂടെ അതിൽ നിന്ന് അദ്ദേഹം മുന്നോട്ട് പോവുകയാണ് എന്ന നിഗമനത്തിലാണ് എത്തുന്നത്. അദ്ദേഹത്തിന്റെ സ്ത്രീ സങ്കൽപ്പം സ്ത്രീയെ പാർശ്വവത്ക്കരിക്കുന്ന പിതൃരാധിപത്യ (Patriarchal) സങ്കൽപ്പങ്ങളെ അത് പാശ്ചാത്യമായാലും പൗരസ്ത്യമായാലും - ചെറുത്ത് നിൽക്കുന്നതാണ് എന്നും കാണുന്നുണ്ട്. ഈ അദ്ധ്യായത്തിലെ അടുത്ത ഖണ്ഡത്തിൽ മലയാള നോവലും ദേശീയതയുമായുള്ള പരസ്പര നിർണ്ണയനപരമായുള്ള ബന്ധം അന്വേഷിക്കുന്നു. ഒരു ദേശ-രാഷ്ട്രത്തിലെ പ്രജകളെന്ന നിലയിലേയ്ക്കും ഒരു പൗരസമൂഹ (Civil Society) ത്തിലെ അംഗങ്ങളെന്ന നിലയിലേയ്ക്കുമുള്ള പരിണാമമാണ് മലയാളിയുടെ സ്വത്വബോധത്തിൽ പരിവർത്തനങ്ങളുണ്ടാക്കിയതെന്നും ഇതിന്റെ പ്രതിഫലനം ആദ്യകാല നോവലിലും നവോത്ഥാന നോവലിലും ബഹുവിതാനങ്ങളിൽ കാണപ്പെടുന്നുണ്ടെന്നും സ്ഥാപിക്കുന്നുണ്ട്. ആഖ്യാനശാസ്ത്ര (Narratology) ത്തിന്റെയും ആധുനികാനന്തര (Post-Modern) - അധിനിവേശാനന്തര (Post-

Colonial) നോവൽ പഠനങ്ങളുടെയും സഹായം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു രീതി ശാസ്ത്ര (Methodology) ത്തിന്റെ സഹായത്തോടെ പ്രമേയം (Theme), ഉള്ളടക്കം (Content), ഇതിവൃത്തം (Plot), സ്ഥല-കാല സങ്കൽപ്പങ്ങൾ (Space-time concepts), കഥാപാത്ര സൃഷ്ടി (Characterisation) എന്നിവയിലൂടെ നോവലിസ്റ്റിന്റെ ഉദ്ദേശ്യ (Intention) വും നോവലിന്റെ സന്ദേശ (Message) വും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധത്തെയും നോവലിന്റെ പ്രത്യയശാസ്ത്ര (Ideology) ത്തെയും അപഗ്രഥിച്ച് ദേശീയത എങ്ങനെ നോവലിൽ പ്രത്യക്ഷമാകുന്നു എന്ന് തെളിയിക്കുകയാണ് അനന്തരഖണ്ഡങ്ങളിൽ. കൊളോണിയൽ ആധുനികതയുടെ വിമോചന ദൗത്യമാണ് *ഘാതകവധം, പുല്ലേലിക്കുഞ്ഞു, സരസ്വതീ വിജയം, സുകുമാരി* എന്നീ നോവലുകളിൽ ചർച്ച ചെയ്യുന്നതെന്നും ഇവിടെ സ്ഥാപിക്കുന്നു. അന്ധദേശീയവാദത്തിന്റെ സംഭാവനയായ ഒരഭിപ്രായത്തെ-കേരളവർമ്മയുടെ ഗദ്യമാണ് ആധുനിക ഗദ്യത്തെ സൃഷ്ടിച്ചതെന്നവാദത്തെ-ചെറുത്തുകൊണ്ട് മിഷനറി മലയാളത്തിലൂടെ ജനിച്ച് മത നിരപേക്ഷതയിലൂടെ വളർന്ന കേരളത്തിലെ ജനകീയഗദ്യമാണ് മലയാള നോവലിലെ ഭാഷയെ സ്വാധീനിച്ചതെന്ന് മലയാള നോവലിന്റെ പൂർവ്വമാതൃകകളുടെ പഠനത്തിലൂടെ സ്ഥാപിക്കുന്നു. *ഘാതകവധം* കൊളോണിയൽ ദേശ-രാഷ്ട്ര യുക്തിയാണ് പ്രകടപ്പിക്കുന്നതെന്നും ക്രിസ്തീയതയിലൂടെയുള്ള പുലയരുടെ വിമോചനം വാസ്തവത്തിൽ അവരുടെ ഭൗതികാടിമത്തത്തെ ഉറപ്പിക്കുകയാണ് ചെയ്യുന്നതെന്നും കണ്ടെത്തുന്നു. എന്നാൽ ക്രിസ്തീയതയിലൂടെ ഭൗതിക അടിമത്തത്തിൽ നിന്ന് വിമോചിതമാകുന്ന അടിസ്ഥാന വർഗ്ഗത്തെയാണ് *സരസ്വതീ വിജയ*ത്തിൽ കാണുക. *സുകുമാരി*യിലും ഇത് കാണാം. എന്നാൽ കൊളോണിയൽ വ്യാപാര താൽപ്പര്യങ്ങളിൽ നിന്ന് ഇന്ത്യാക്കാർ ഒരു ഭാരതീയതയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമാകണമെന്ന വാദവും അവിടെയുണ്ട്. എൻ. പി. മുഹമ്മദിന്റെ വീക്ഷണങ്ങൾകൂടി സ്വീകരിച്ചുകൊണ്ട് *കുന്ദലത, ഇന്ദുലേഖ*യ്ക്ക് മുമ്പ് ദേശീയതയെ പ്രശ്നവത്ക്കരിക്കുന്ന ഒരു രചനയാണെന്നും സ്ഥാപിക്കപ്പെടുന്നു. നാടുവാഴിത്തമൂല്യങ്ങളുടേയും മുതലാളിത്തമൂല്യങ്ങളുടേയും സംക്രമഘട്ടത്തെ അവതരിപ്പിക്കുക വഴി അപ്പു നെടുങ്ങാടി *കുന്ദലത*യെ ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക രേഖകൂടിയാക്കി മാറ്റുന്നു. ഈ അന്വേഷണത്തിൽ കൊളോണിയൽ ആധുനികത (Colonial Modernity), കൊളോണിയൽ ദേശ-രാഷ്ട്രം (Colonial Nation-State) എന്നീ സങ്കൽപ്പങ്ങളാണ് ചന്തുമേനോനെ പ്രചോദിപ്പിച്ചതെന്ന് വ്യക്തമാക്കുന്നു. കൊളോണിയൽ ദേശരാഷ്ട്രവുമായി ബന്ധപ്പെട്ട ആന്തരിക വൈരുദ്ധ്യങ്ങൾ *ഇന്ദുലേഖ*യിൽ തെളിഞ്ഞുകാണാം.

ഇന്ദുലേഖാനന്തരം മലയാളത്തിൽ വന്ന നോവലുകളിലും ദേശീയത ഒരു പ്രധാന ഘടകമാണെന്ന് കണ്ടെത്തുകയും ആദ്യകാലനോവലിലെ ദേശീയതയുമായി ബന്ധപ്പെട്ട ആറ് പ്രമേയങ്ങൾ അക്കമിട്ട് അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. തിരുവിതാംകൂർ എന്ന പ്രദേശ (Region) ത്തിന്റെ അനന്യതയിൽ ഊന്നുന്ന സവിശേഷമായ ഒരു ദേശീയതയുടെ വക്താവായിരുന്നു സി. വി. എന്നും അദ്ദേഹത്തിന്റെ ദേശീയതാസങ്കൽപ്പത്തിൽ അഹിന്ദുവിനോ അവർണ്ണനോ ഇടമുണ്ടായിരുന്നില്ല എന്നും *മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജാബഹ*

ദൂർ എന്നീ നോവലുകളുടെ വെളിച്ചത്തിൽ സ്ഥാപിക്കുന്നു. സി. വി. യെക്കാൾ മലയാളനോവലിന്റെ പിൽക്കാലത്തെ സൃഷ്ടിച്ചത് കെ. നാരായണക്കുരുക്കളുടെ *പാറപ്പുറം, ഉദയഭാനു,* എന്നീ രാഷ്ട്രീയനോവലുകളുടെ പാരമ്പര്യമാണെന്ന് കണ്ടെത്തുന്നുണ്ട്.

കേരള ദേശീയതയുടെ രൂപീകരണത്തോടൊപ്പം മലയാള നോവലിലെ നവോത്ഥാന പ്രവണതകൾ പ്രത്യക്ഷപ്പെടുന്നത് അടുത്ത ഖണ്ഡത്തിൽ വിശദീകരിക്കപ്പെടുന്നു. കൊളോണിയൽ വിരുദ്ധ ദേശീയരാഷ്ട്രീയം, ഇടതുപക്ഷരാഷ്ട്രീയം ഇവയിലൂടെ വികസിച്ച ഒരു പൊതുമണ്ഡലം (Public Sphere) രൂപീകരിക്കപ്പെട്ടതിന് സമാന്തരമായി അന്നുവരെ സാഹിത്യത്തിൽ നിന്ന് മാറ്റിനിർത്തപ്പെട്ടിരുന്ന വിഭാഗങ്ങൾ മുന്നിലേയ്ക്ക് വരുന്നതാണ് നവോത്ഥാന നോവലിന്റെ പ്രത്യേകത എന്ന് കണ്ടെത്തുന്നു. അതായത് ദേശീയരാഷ്ട്രീയചരിത്രത്തിൽ പ്രാന്തവത്ക്കരിക്കപ്പെട്ട ജനത ഭാവനാത്മക സാഹിത്യത്തിലൂടെ സ്വന്തം സ്ഥാനം അടയാളപ്പെടുത്തുന്നതാണ് നവോത്ഥാന നോവലിൽ നാം കാണുന്നത്. രചയിതാക്കളിലും കഥാപാത്രങ്ങളിലും പ്രമേയത്തിലും ഭാഷയിലുമെല്ലാം കാണുന്ന മാറ്റത്തിലൂടെ ഇത് വിശദീകരിക്കുന്നുണ്ട്. സി. പി. അച്യുതമേനോൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള തുടങ്ങിയവരിലൂടെ വികസിച്ച നോവൽ വിമർശനം കേസരിയിലെത്തിച്ചേർന്ന് വ്യാപകമാകുന്നതിന്റെ അപഗ്രഥനവും അവിടെയുണ്ട്. എം. പി. പോളിന്റെ നോവൽ വിമർശനം ഇംഗ്ലീഷ് നോവലിനെ മാത്രം അടിസ്ഥാനപ്പെടുത്തിയപ്പോൾ കേസരിയുടേത് ആഗോളപരിപ്രേക്ഷ്യത്തിലായിരുന്നു എന്നും ദേശീയ, വംശീയ, വർഗ്ഗീയ വാദങ്ങൾക്കപ്പുറത്ത് വിശ്വസാഹിത്യ പരിപ്രേക്ഷ്യത്തോടെയായിരുന്നു അദ്ദേഹത്തിന്റെ സമീപനമെന്നും തെളിയിക്കുന്നുണ്ട്. നവോത്ഥാന നോവലിൽ തകഴി, ദേവ്, ബഷീർ എന്നിവരുടെ സംഭാവനകൾ അവതരിപ്പിക്കുന്നതിനോടൊപ്പം ദേശീയതാ വ്യവഹാരത്തിലെ ആന്തരിക വൈരുദ്ധ്യങ്ങൾ അവരുടെ കലയെ എങ്ങനെ നിർണ്ണയിച്ചുവെന്നും അന്വേഷിക്കുന്നു. കേവലമനുഷ്യനെ വാഴ്ത്തുന്ന ലിബറൽ പ്രത്യേയശാസ്ത്രമണ്ഡലമാണ് തകഴിയെ പ്രചോദിപ്പിച്ചതെന്നും അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ നോവലിൽ കീഴാളഘടകങ്ങൾ അദൃശ്യമാണെന്നും *കയർ, ഏണിപ്പടികൾ* എന്നീ നോവലുകളെ ആധാരമാക്കി സ്ഥാപിക്കുന്നു. എന്നാൽ *തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി* എന്നീ നോവലുകളിലൂടെ അതുവരെ നോവലിൽ അദൃശ്യരായിരുന്ന ഒരു ജനതയെ അദ്ദേഹം ആദ്യമായി അവതരിപ്പിച്ചു എന്നും കാണുന്നു. കേശവദേവിന്റെ *ഭ്രാന്താലയം, അയൽക്കാർ* എന്നീ നോവലുകളിലൂടെ മതപരവും സാമുദായികവുമായ വർഗ്ഗീയത കേരളത്തിലും ഇന്ത്യയിലും വ്യാപിക്കുന്നതെങ്ങനെ എന്ന പ്രമേയം അന്വേഷണവിധേയമാകുന്നു. മലയാള സാഹിത്യത്തിലെ മുസ്ലീം പ്രതിനിധാന (Representation) ങ്ങളിലെ മുൻവിധികളാണ് തന്നെ ഒരെഴുത്തുകാരനാക്കിയതെന്ന് ബഷീറിന്റെ അഭിപ്രായമുദ്ധരിച്ചുകൊണ്ട് നോവലിലെ ദേശീയതാ വ്യവഹാരത്തിൽ അന്നുവരെ അദൃശ്യരോ അസ്പൃശ്യരോ ആയിരുന്ന ഒരു ജനവിഭാഗത്തെ രംഗത്തെത്തിക്കുകയായിരുന്നു ബഷീർ എന്ന് സ്ഥാപിക്കുന്നു. *സ്ഥലത്തെ പ്രധാന ദിവ്യൻ, ആനവാരിയും പൊൻകുരിശും, മുച്ചീട്ടുകളിക്കാരന്റെ മകൾ* എന്നീ നോവലുകളിലൂടെ ദേശരാഷ്ട്രത്തിന്റെ അന്യാപദേശമായ സ്ഥലത്തെയാണ് അദ്ദേഹം ചിത്രീകരിക്കുന്നതെന്നും സ്ഥാപിക്കുന്നു. ഒരു ലിബറൽ

ഹ്യൂമനിസ്റ്റ് എഴുത്തുകാരൻ മാത്രമായി പരിഗണിക്കപ്പെട്ട ഉറൂബിന്റെ *സുന്ദരികളും സുന്ദരന്മാരും* എന്ന രചനയാണ് മലയാള നോവലിലെ ദേശീയവ്യവഹാരപരമായ നോവലുകളിൽ പ്രധാനം എന്ന് സ്ഥാപിക്കുന്നു. കേരളത്തിന്റെ പ്രാദേശികചരിത്രത്തിലേയും ഇന്ത്യയുടെ ദേശീയചരിത്രത്തിലേയും പ്രധാന സംഭവങ്ങളായ ഖിലാഫത്ത് പ്രസ്ഥാനം, ദേശീയസ്വാതന്ത്ര്യസമരം, ലോകമഹായുദ്ധങ്ങൾ, ഇടതുപക്ഷപ്രസ്ഥാനത്തിന്റെ വ്യാപനം തുടങ്ങിയവയെല്ലാം ചർച്ചചെയ്യുന്ന ഈ നോവൽ ദേശീയതാവ്യവഹാരത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുകയും സ്ഥാനനിർണ്ണയം ചെയ്യുകയും ചെയ്തു എന്നത് ഈ പ്രബന്ധത്തിന്റെ പ്രത്യേകതയാണ്.

മൂന്നാമദ്ധ്യായം മുതൽ എൻ. പി. മുഹമ്മദിന്റെ നോവലുകളെ ദേശീയതയുടെ വെളിച്ചത്തിൽ അപഗ്രഥിക്കുകയാണ്. വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളും കൈവശം വെയ്ക്കുന്ന പ്രദേശങ്ങളിൽനിന്നുരുത്തിരിഞ്ഞുവരുന്ന ഇന്ത്യൻപ്രാദേശികഭാഷാസാഹിത്യങ്ങളിലെല്ലാം സ്വാതന്ത്ര്യാനന്തരം രൂപപ്പെട്ടു വന്നതാണ് പ്രാദേശികനോവലുകൾ. അസമിയ, പഞ്ചാബി, ബംഗാളി, ഗുജറാത്തി, മറാത്തി, ഹിന്ദി സാഹിത്യങ്ങളിലെല്ലാം പ്രാദേശിക നോവൽ ശക്തമായൊരു സാന്നിദ്ധ്യമായിരുന്നു. മലയാളനോവലിലും ഇത്തരമൊരു ധാരയുണ്ടായിരുന്നുവെന്നും അതിൽ എൻ. പി. മുഹമ്മദിന്റെ നോവലുകൾ ഉൾപ്പെടുമെന്നും സ്ഥാപിക്കുന്നുണ്ട്. *മരം* എന്ന അദ്ദേഹത്തിന്റെ നോവൽ കോഴിക്കോടൻമുസ്ലീംപ്രാദേശിക ജീവിതമാണ് അവതരിപ്പിക്കുന്നത് എന്ന് കണ്ടെത്തുന്നു. കേരളത്തിലെ മുസ്ലീങ്ങൾ പ്രദേശം തോറും കാത്തു സൂക്ഷിക്കുന്ന വൈവിദ്ധ്യവും കേരളീയ പാരമ്പര്യത്തിലെ വിവിധ അംശങ്ങൾ സംയോജിപ്പിയ്ക്കുന്ന അവരുടെ വ്യക്തിത്വ സവിശേഷതകളും ഇസ്ലാമിനെ ഏകശിലാനിർമ്മിതമായ ഒരു അപരമായി കാണുവാനുള്ള ബൃഹദ്ദേശീയതയുടെ പ്രവണതയ്ക്കെതിരെ ചെറുത്തുനിൽപ്പ് നടത്തുകയാണെന്ന് മൂന്നാമദ്ധ്യായത്തിൽ കണ്ടെത്തുന്നു. ആമിനയെന്ന സ്ത്രീ കഥാപാത്രത്തിന് ലഭിക്കുന്ന പ്രാധാന്യം എഴുത്തുകാരന്റെ ഉദാത്ത സ്ത്രീസങ്കൽപ്പത്തെ വ്യക്തമാക്കുകയാണ്. ആദ്യഭർത്താവായ ഇബ്രായിനെക്കുറിച്ച് വർഷങ്ങളായി അറിവില്ലാത്തതിനാൽ ധനികനായ കാദറിനെ വിവാഹം കഴിക്കേണ്ടിവന്ന ആമിന ഇബ്രായിൻ തിരിച്ചെത്തുമ്പോൾ അയാളിൽ പ്രേരണ ചെലുത്തി അയാളോടൊപ്പം നാടുവിടുകയാണ്. ഗ്രാമത്തിലെ ജീവിതസമരത്തിൽ അധിഷ്ഠിതമായ ഈ നോവൽ വിവാഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമുള്ള മുസ്ലീം സമാന്തരവീക്ഷണത്തിന്റെ പ്രകാശനമാണ് എന്ന നിഗമനത്തിലെത്തുന്നു.

നാലാമദ്ധ്യായത്തിൽ *ഹിരണ്യകശിപു* എന്ന അദ്ദേഹത്തിന്റെ നോവൽ അപഗ്രഥനവിധേയമാക്കുന്നു. കേരളത്തിലെ പ്രാദേശികരാഷ്ട്രീയപശ്ചാത്തലത്തിൽ അദ്ദേഹം എഴുതിയ രാഷ്ട്രീയഅന്യാപദേശ (Political Allegory) മാണീ നോവൽ എന്നാണ് കണ്ടെത്തൽ. ആദ്യകാല നോവലിൽ കെ. നാരായണക്കുരുക്കൾ പ്രദർശിപ്പിച്ച ഈ മാർഗ്ഗത്തിൽ എൻ. പി. യ്ക്കുശേഷം കടന്നുവരുന്നത് ഒ. വി. വിജയന്റെ *ധർമ്മപുരാണ*മാണ്. അടിയന്തിരാവസ്ഥയുടെ ഏകശാസനതയെ പൂർവ്വദർശനം ചെയ്യുന്ന പ്രവചനശേഷി ഇതിലുണ്ടെന്ന് കണ്ടെത്തുന്നു. *ഹിരണ്യകശിപു*വിന്റെ ഇതിവൃത്താപഗ്രഥനവും കഥാപാത്രാപഗ്രഥനവും നട

ത്തിയശേഷം രാഷ്ട്രീയഅന്യാപദേശമായതുകൊണ്ടുതന്നെ ഈ നോവൽ കഥാപാത്രപ്രധാനമല്ല ഇതിവൃത്തപ്രധാനമാണ് എന്ന നിഗമനത്തിലെത്തുന്നു. കേരളത്തിലെ കക്ഷിരാഷ്ട്രീയത്തിന്റെ വിമർശനം ഇതിലുണ്ടെന്നും സ്ത്രീകഥാപാത്രങ്ങൾക്ക് എൻ. പി. യുടെ നോവലിൽ ലഭിക്കുന്ന പ്രാധാന്യത്തെ ഇതിലെ സുനന്ദ ഉദാഹരിക്കുന്നുവെന്നും കണ്ടെത്തുന്നു. എഴുത്തിനെയും വായനയെയും നിയന്ത്രിക്കുന്ന ഉപരിവർഗ്ഗപരവും ഹൈന്ദവവുമായ ദേശീയതാഖ്യാനങ്ങളെ ചെറുക്കുന്ന ഈ നോവൽ, എന്നാൽ ഹൈന്ദവ മിത്തുകളും കഥാപാത്രങ്ങളും കടന്നുവരുന്നതുകൊണ്ടാവണം ജനപ്രിയതയോ വിമർശനശ്രദ്ധയോ ഇതിനുണ്ടാകാതെ പോയത് എന്നും നിരീക്ഷിക്കുന്നുണ്ട്. എങ്കിലും മലയാള നോവലിന്റെ വികാസചരിത്രത്തിൽ ഇതിന് പ്രധാന പങ്കുണ്ടെന്ന് കണ്ടെത്തുന്നു.

ബഷീറിന്റെ 'സ്ഥല'പുരാണങ്ങളെപ്പോലെ മുസ്ലീംപ്രാദേശികജീവിതാഖ്യാനങ്ങളായ *എണ്ണപ്പാടം, പിന്നെയും എണ്ണപ്പാടം,* എന്നീ നോവലുകളെ അഞ്ചാമദ്ധ്യായത്തിൽ അപഗ്രഥിക്കുന്നു. ആധുനികതയുടെ സ്വാധീനഘട്ടത്തിൽ രചനനടത്തുമ്പോഴും അതിന്റെ പ്രിയപ്പെട്ട പ്രമേയങ്ങളോ ആവിഷ്ക്കരണരീതിയോ എൻ. പി. ഉപയോഗപ്പെടുത്തുന്നില്ല എന്നതിന്റെ തെളിവാണ് ഈ നോവലുകൾ എന്ന് കണ്ടെത്തുന്നു. *മരം* എന്ന പ്രാദേശിക നോവലിൽ സുഘടിതമായ ഇതിവൃത്തവും കാലത്തിലൂടെ വളരുന്ന കഥാപാത്രങ്ങളുമാണ് ഉള്ളതെങ്കിൽ അയഞ്ഞ ഇതിവൃത്തവും വ്യക്തിമുദ്രയുള്ള കഥാപാത്രങ്ങളുമാണ് *എണ്ണപ്പാടം* നോവലുകളിൽ. ഭരണം, ആദർശം, ധനം, മതം, ജനാധിപത്യം എന്നീ അദ്ധ്യായങ്ങളിലൂടെ ദേശത്തിന്റെ നേർപ്പകർപ്പായ പ്രദേശത്തിന്റെ ജീവിതം ചിത്രീകരിക്കുകയാണദ്ദേഹം. പ്രാന്തവൽകൃതരെങ്കിലും സ്ത്രീകൾ പ്രാധാന്യത്തോടെ മുന്നോട്ട് വരുന്നതാണ് ഈ നോവലുകളുടെ പ്രത്യേകത. കേരളത്തിൽ പൊതുവേയുള്ള മാതൃപാരമ്പര്യവും അമ്മദൈവാരാധനയും വിശ്വാസാചാരങ്ങളും ഇവിടുത്തെ മുസ്ലീംപ്രാദേശികജീവിതത്തെ സ്വാധീനിച്ചതിന്റെ തെളിവുകൾ ഈ നോവലിലുണ്ട്. ദേശീയതയുടെ ബൃഹത്വ്യവഹാരങ്ങളിൽ താരതമ്യേന ഇടം കിട്ടാത്ത പ്രാദേശികകേരളീയജീവിതം ഇവിടെ അതിന്റെ തനിമയിലും വ്യത്യസ്തതയിലും ആവിഷ്കൃതമാകുന്നു എന്ന നിഗമനത്തിലാണ് എത്തിച്ചേരുന്നത്.

ആറാം അദ്ധ്യായത്തിൽ *ദൈവത്തിന്റെ കണ്ണ്* എന്ന നോവലിനെ പ്രാദേശികാഖ്യാനമെന്ന നിലയിലും പാരിസ്ഥിതിക ബോധത്തിന്റെ ആവിഷ്ക്കാരമെന്ന നിലയിലും അടയാളപ്പെടുത്തുന്നു. ഇതിലെ സ്ത്രീ കഥാപാത്രങ്ങളെ സവിശേഷമായി അപഗ്രഥിച്ചുകൊണ്ട് ഭൂമിയുടെ ജൈവവ്യവസ്ഥ നിലനിർത്തുന്ന സ്ത്രീയുടെ പങ്ക് പരിശോധിക്കുന്നു. ഉമ്മു-മറിയം അമ്മായി-ഉമ്മ എന്നീ കഥാപാത്രങ്ങളിലൂടെ പാരിസ്ഥിതികമായ സന്തുലനം നിലനിർത്തുന്നതിൽ അവർ യഥാക്രമം സൃഷ്ടി-സ്ഥിതി-സംഹാര പ്രവണതകളെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് ഈ പഠനം സ്ഥാപിക്കുന്നു. പ്രാദേശികസ്വത്വം ആവിഷ്ക്കരിക്കുമ്പോൾത്തന്നെ അതിനെ അന്തർദ്ദേശീയ മാനങ്ങളിലേയ്ക്ക് നോവലിസ്റ്റ് വളർത്തുന്നു എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. ഇന്ത്യൻ ദേശീയതയുടെ ഭാഗമായ കേരളദേശീയതയിൽ മുസ്ലീം സാംസ്കാരിക ജീവിതത്തിന്റെ ചിഹ്നങ്ങൾ വരച്ചിടുകവഴി അന്യഥാ അപൂർണ്ണമായ നമ്മുടെ പ്രാദേ

ശികസംസ്കൃതിയെ പൂരിപ്പിക്കുകയാണ് എൻ. പി. മുഹമ്മദ് എന്ന നിഗമനത്തിലാണ് എത്തിച്ചേരുന്നത്.

തന്റെ ജീവിതത്തിലെ പ്രധാനപ്രചോദനമായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ജീവചരിത്രം പ്രമേയമാക്കിയ, സുഘടിതശിൽപ്പത്താൽ അനുഗൃഹീതമായ നോവലാണ് എൻ. പി. യുടെ ചരമാനന്തരം പ്രസിദ്ധീകരിച്ച *മുഹമ്മദ് അബ്ദുറഹിമാൻ – ഒരു നോവൽ* എന്ന നിഗമനമാണ് ഏഴാമദ്ധ്യായത്തിൽ. എൻ. പി. യുടെ ജീവിതാഭിലാഷങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു ഈ നോവലിന്റെ രചന. അദ്ദേഹത്തിന്റെ ജീവിതത്തെ ഗ്രീക്ക് ദുരന്തനായകന് തുല്യമായി സമീപിക്കുന്ന ഈ നോവൽ ഇന്ത്യൻ ദേശീയതയ്ക്ക് ഇന്ത്യാ-പാകിസ്ഥാൻ വിഭജനത്തോടെ മതവിഭാഗീയത ഉണ്ടാക്കിയ മുറിവിന്റെ പശ്ചാത്തലത്തിലാണ് അവതരിപ്പിക്കുന്നത്. ദേശീയതയുടെ രണ്ടാം മുറിവായ അയോദ്ധ്യാസംഭവങ്ങളാകണം ഈ നോവൽ രചനയ്ക്കുള്ള പ്രചോദനമെന്ന അനുമാനവും ഇവിടെ കാണാം. അബ്ദുറഹിമാന്റെ ജീവിതത്തിലെ അവസാനത്തെ എഴുപത്തിയേഴ് ദിനങ്ങളെ കേന്ദ്രീകരിച്ചെഴുതിയ ഈ നോവലിൽ മലബാർ ലഹളമുതൽ ദേശീയപ്രസ്ഥാനം വരെയുള്ള ചരിത്രസംഭവങ്ങൾ സ്മരണയുടെ രീതിയിൽ കടന്നുവരുന്നുണ്ട്. ജീവചരിത്രനോവലിന്റെ ബൃഹദ്രൂപമില്ലാതെ തന്നെ അബ്ദുറഹിമാന്റെ മഹത്തായ ജീവിതം കലാപരമായ ഒതുക്കത്തോടെ ചിത്രീകരിക്കാൻ എൻ. പി.യ്ക്ക് കഴിയുന്നു. ദേശീയതയ്ക്കുള്ളിൽ നിന്നുകൊണ്ട് തന്നെ അതിലെ പ്രാദേശിക-കീഴാള പ്രത്യേയശാസ്ത്രങ്ങളെ പ്രത്യക്ഷപ്പെടുത്തി ദേശീയതയുടെ ഏകമുഖ സവർണ്ണപ്രത്യയ ശാസ്ത്രത്തെ എതിർക്കുകയാണ് എൻ. പി. മുഹമ്മദ് എന്ന കണ്ടെത്തലോടെയാണ് ഈ പഠനം അവസാനിപ്പിക്കുന്നത്. ഉപസംഹാര ഖണ്ഡത്തിൽ നിഗമനങ്ങളെല്ലാം ക്രോഡീകരിച്ചിരിക്കുന്നു.

*****

Name of the institution where the research work will be undertaken	**:**	**Post Graduate Department of Malayalam & Research Centre. Catholicate College, Pathanamthitta.**
Name of the Research Scholar	**:**	**K. S. Jayasree**
Signature	**:**	
Name of the Topic	**:**	**Nationalism & Regionalism in the Novels of N.P. Muhammed.** ദേശീയതയും പ്രാദേശികതയും എൻ.പി. മുഹമ്മദിന്റെ നോവലുകളിൽ.
Name of the Research Guide	**:**	**Dr. S. Saradakkutty Associate Professor in Malayalam D.B. College, Parumala.**
Signature	**:**	